ഉത്പാദക സംഘങ്ങളിൽ അപേക്ഷ നൽകാം. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകും. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും. പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനുള്ള ആനുകൂല്യം നൽകുന്നതാണ്. RSS-4, RSS-5 ഗ്രേഡുകളിലുള്ള റബ്ബറിന് സബ്സിഡി ലഭിക്കും.

സംയോജിത നീർത്തട പരിപാലന പരിപാടി

158 (4196) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പാക്കലിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കേരളത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന 2009-10 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കിവരുന്നു. ഇതുവരെ 83 പ്രോജക്ടുകളിലായി 4.27 ലക്ഷം ഹെക്ടർ പ്രദേശത്ത് 581.61 കോടി രൂപയുടെ നീർത്തട പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ജൈവബന്ധം

LIBRARY ARCHIVES Kerala Legislative Assembly

നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവ സന്തുലിതാവസ്ഥ നിലനിർത്തുകയും നീർത്തട പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ കാർഷിക അനുബന്ധ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ് വിപുലമാക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) കേരളത്തിൽ ഗ്രാമവികസന വകുപ്പാണ് പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, മണ്ണുപര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, ഭൂഗർഭ ജലവകുപ്പ്, ഭൂവിനിയോഗ ബോർഡ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളും സഹകരിക്കുന്നുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയും ജില്ലാതലത്തിൽ വാട്ടർ ഷെഡ് സെൽ കം ഡേറ്റാ സെന്ററും രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ പദ്ധതി നടത്തിപ്പിന് സാങ്കേതിക സഹായം നൽകുന്നതിനായി വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

നാദാപുരം മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം

159 (4197) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ കൃഷിഭവനുകളിൽ 2013-14, 2014-15, 2015-16 വർഷങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും ലഭിച്ച അപേക്ഷകൾ എത്ര വീതമെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാത്ത അപേക്ഷകൾ എത്ര എണ്ണമുണ്ട് ; അതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly